"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഗതാഗത വകുപ്പ്-മോട്ടോർ വാഹന വകുപ്പിലെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട സേവനങ്ങൾ പൂർണ്ണമായും ഓൺലൈനാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.324/2021/ഗതാഗതം തീയതി,തിരുവനന്തപുരം, 23/09/2021

---

പരാമർശം:-
1. 17/08/2020 ലെ സ.ഉ (സാധാ) നം .259/2020/ഗതാ സർക്കാർ ഉത്തരവ്
2. ഗതാഗത കമ്മീഷണറുടെ 06/08/2021 ലെ എസ്.എസ്.ജി.1/173/2020-റ്റി.സി നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സർക്കാരിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസ്സിനസ് നയത്തിന്റെ അടിസ്ഥാനത്തിൽ മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ ആയി നടപ്പിൽ വരുത്തണമെന്ന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. അപ്രകാരം ചുവടെ പരാമർശിച്ചിരിക്കുന്ന സേവനങ്ങൾക്കായി യഥാർത്ഥ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നത് ഒഴിവാക്കാനും കൂടാതെ ഓൺലൈൻ അപേക്ഷകളെ അടിസ്ഥാനമാക്കി സേവനങ്ങൾ ലഭ്യമാക്കുന്നതിന് അനുമതി നൽകുവാനും പരാമർശം (2) പ്രകാരം ഗതാഗത കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഓൺലൈൻ അപേക്ഷകളെ അടിസ്ഥാനമാക്കിയുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

1. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിലെ മേൽവിലാസം തിരുത്തൽ
2. വാഹനത്തിന്റെ ഉടമസ്ഥാവകാശം മാറ്റൽ
3. വാഹനത്തിന്റെ എൻ.ഒ.സി നൽകൽ
4. ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകൽ
5. ഹൈപ്പോതിക്കേഷൻ റദ്ദ് ചെയ്യൽ(ടെർമിനേഷൻ ഓഫ് ഹൈപ്പോതിക്കേഷൻ)
6. എൻഡോഴ്സ്മെന്റ് ഓഫ് ഹൈപ്പോതിക്കേഷൻ
7. പെർമിറ്റ് പുതുക്കൽ (സ്റ്റേജ് ക്യാരിയേജ് പെർമിറ്റ് ഒഴികെ)
8. പെർമിറ്റിന്റെ വ്യതിയാനം/വേരിയേഷൻ ഓഫ് പെർമിറ്റ് (സ്റ്റേജ് ക്യാരിയേജ് പെർമിറ്റ് ഒഴികെ)

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജോസഫൈൻ കെ
ജോയിന്റ് സെക്രട്ടറി

ഗതാഗത കമ്മീഷണർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ / ഓഡിറ്റ് )
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് &ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ